കരകൗശല മേഖലയിൽ കേന്ദ്ര സർക്കാരിന്റെ യു. എൻ. ഡി. പി. പദ്ധതി, ബാംബു കോർപ്പറേഷന്റെ റിസർച്ച് ആന്റ് ഡവലപ്മെന്റ് വിഭാഗത്തിനുള്ള ലബോറട്ടറി, ആധുനിക വർക്ഷോപ്പുകൾ; പുതിയ ഡിസൈനുകൾ തയ്യാറാക്കൽ സ്കിൽ അപ്ഗ്രഡേഷൻ എന്നിവ നടപ്പിലാക്കി വരുന്നു. കശുവണ്ടി മേഖലയിൽ തോട്ടണ്ടി പ്രോസസ് ചെയ്യുന്നതിനു ആധുനികവത്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമവ്യവസായ മേഖലയിൽ ഉൽപാദന രംഗത്ത് ആധുനിക മെഷീനുകൾ സ്ഥാപിക്കുന്നതിനു ഖാദി കമ്മീഷൻ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) കയർ മേഖലയിൽ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനു സഹകരണസംഘങ്ങൾക്കു സാമ്പത്തിക സഹായം, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഗ്രാന്റ് ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ പരിശീലനം എന്നിവ നടപ്പാക്കിവരുന്നു.

കൈത്തറി മേഖലയിൽ കമ്പ്യൂട്ടറിന്റെ സഹായത്തോടുകൂടി ഡിസൈനുകൾ തയ്യാറാക്കുന്നതിനും എൻ.ഐ.എഫ്.റ്റി., എൻ.ഐ.ഡി., ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. ഹാൻടെക്സിന്റെ പ്രവർത്തനം വിവിധ ഏജൻസികളുടെ സഹായത്തോടെ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

കരകൗശല സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ സുരഭിയുടെ കീഴിൽ ക്രാഫ്റ്റ് ഡെവലപ്മെന്റ് സെന്ററിൽ ക്രാഫ്റ്റ് ടൂറിസവും കരകൗശല വികസന കോർപ്പറേഷന്റെ കീഴിൽ ആധുനികവത്കരണത്തിനുള്ള വിവിധ പദ്ധതികളും നടപ്പാക്കി വരുന്നു.

ഖാദി സഹകരണ സംഘങ്ങൾക്കു ത്രിതല പഞ്ചായത്തുകൾ വഴി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഉൾനാടൻ റൂട്ടുകളിൽ മിനി ബസ്സുകൾ

7 [*337] ശ്രീ. എ. എൻ. രാജൻ ബാബു :
,, കെ. കെ. ഷാജു :
,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. ഫണ്ട് ഇതര പദ്ധതികൾ എന്നിവ ഉപയോഗിച്ച് സംസ്ഥാനത്തെ ഗ്രാമങ്ങളിലെ ഉൾനാടൻ റോഡുകളിൽ നല്ലൊരുഭാഗം ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഉൾനാടൻ റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. മിനി ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ ശക്തൻ):

(എ) യും (ബി) യും. ഉണ്ട്. ഉൾനാടൻ റൂട്ടുകളിൽ വാഹനങ്ങളുടെ ലഭ്യത അനുസരിച്ച് മിനി ബസ്സ് സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നുണ്ട്.

തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നടപടികൾ

8 [*338] ശ്രീ. പി. എസ്. സുപാൽ :
,, കെ. പി. രാജേന്ദ്രൻ :
,, ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് ഇന്നുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) നിയമം ലംഘിച്ചും, കരാർ വ്യവസ്ഥകൾ പാലിക്കാതെയും തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഉടമകൾക്കും മാനേജ്മെന്റുകൾക്കും എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് വ്യവസായ-തൊഴിൽ മേഖലകളിൽ കരാർ വ്യവസ്ഥയിലും, പീസ് റേറ്റ് അടിസ്ഥാനത്തിലും, തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് തടയുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) നിയമ വിരുദ്ധമായ ഹയർ ആന്റ് ഫയർ സമ്പ്രദായം അവസാനിപ്പിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) കഴിഞ്ഞ നാല് വർഷത്തിനിടയിൽ തൊഴിൽ നിയമങ്ങൾ ലംഘിച്ചതിന് എത്ര ഉടമകളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്. തൊഴിൽ നിയമങ്ങൾ ലളിതമാക്കുന്നതിനും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന തൊഴിലുടമകൾക്കും മാനേജ്മെന്റുകൾക്കും പരിശോധന ഉത്തരവുകൾ നൽകുകയും ന്യൂനതകൾ പരിഹരിക്കാൻ ഒരു നിശ്ചിത സമയം അനുവദിക്കുകയും ചെയ്യുന്നു. നിർദ്ദേശങ്ങൾ പാലിക്കാത്തവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകും. അതിനുശേഷവും അപാകതകൾ പരിഹരിക്കാത്തവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly